LIBRARY ARCHIVES Kerala Legislative Assembly

പുഞ്ചകൃഷിയുടെ നെല്ല് സംഭരണം

83 (4434) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കഴിഞ്ഞ പുഞ്ചകൃഷിയുടെ നെല്ല് സംഭരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ എത്ര നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കർഷകരിൽ നിന്നും നെല്ലെടുത്തപ്പോൾ തൂക്കത്തിൽ എത്ര ശതമാനം കുറവാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-10 പുഞ്ചസീസണിൽ വടക്കാഞ്ചേരി നിയോജകമണ്ഡലം ഉൾപ്പെടുന്ന തലപ്പള്ളി താലൂക്കിൽനിന്നും 6372 ടൺ നെല്ല് സംഭരിച്ചു.

(ബി) ഇത്തരത്തിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ വ്യക്തിഗതമായ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) കർഷകരിൽനിന്നും നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സംഭരിക്കുമ്പോൾ തൂക്കക്കുറവൊന്നും വരുത്തുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലുള്ള പെട്രോൾ പമ്പുകൾ

84 (4435) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന് കീഴിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എത്ര പെട്രോൾ പമ്പുകളുണ്ട് ;

(സി) കോർപ്പറേഷന് കീഴിൽ കൂടുതൽ പെട്രോൾ പമ്പുകൾ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സപ്ലൈകോ, സംസ്ഥാനത്ത് വിവിധ ജില്ലകളിലായി താഴെപ്പറയും പ്രകാരം 13 പെട്രോൾ പമ്പുകൾ പ്രവർത്തിപ്പിച്ചു വരുന്നു.

ജില്ല	ആസ്ഥാനം
തിരുവനന്തപുരം	1. ആൽത്തറ
	2. വെള്ളയമ്പലം
	3. കൊച്ചുവേളി
	4. സ്റ്റാച്യു
	5. ഉള്ളൂർ
	6. പള്ളിച്ചൽ
കൊല്ലം	1. ചെങ്കോട്ട റോഡ്
കോട്ടയം	1. മണിപ്പുഴ
ആലപ്പുഴ	1. വഴിച്ചേരി
എറണാകുളം	1. പെട്രോൾ പമ്പ് നമ്പർ I, ഡി. എച്ച് റോഡ്
	2. പെട്രോൾ പമ്പ് നമ്പർ II, എം.ജി. റോഡ്
മലപ്പുറം	1. താനൂർ
കോഴിക്കോട്	1. പാവമണി റോഡ്, കോഴിക്കോട്

(ബി) ഇതിൽ 3 എണ്ണം 24 മണിക്കൂറും പ്രവർത്തിക്കുന്നു. (സ്റ്റാച്യു, പള്ളിച്ചൽ, എം.ജി. റോഡ്, എറണാകുളം)

(സി) പെട്രോൾ പമ്പുകൾക്ക് അനുവാദം നൽകുന്നത് പൂർണ്ണമായും ഓയിൽ കമ്പനികളുടെ നിയന്ത്രണത്തിലാണ്. ഓയിൽ കമ്പനികൾ പെട്രോൾ ബങ്കുകൾ അനുവദിക്കുന്ന മുറയ്ക്ക് അനുയോജ്യമെങ്കിൽ പുതിയവ ആരംഭിക്കുവാൻ നടപടിയെടുക്കുന്നതാണ്. എറണാകുളം, വൈറ്റില ബസ്സ് ടെർമിനൽ പ്രോജക്ടിനോടനുബന്ധിച്ച് പെട്രോൾ പമ്പ് തുടങ്ങുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സപ്ലൈകോയോട് ആവശ്യപ്പെടുകയും സ്ഥലസൗകര്യത്തിനായി നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോടും നോഡൽ ഓഫീസറായ എറണാകുളം ജില്ലാ കളക്ടറോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.